റിപ്പോർട്ട്

സി.പി ഹബീബ് റഹ്മാൻ

# തീരദേശ, തോട്ടം മേഖലകളിൽ എസ്.ഐ.ഒവിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ



*ചെങ്ങറയിൽ എസ്.ഐ.ഒ സംഘടിപ്പിച്ച വിദ്യാഭ്യാസ അവകാശ സംരക്ഷണ സമ്മേളനത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു*

**കോഴിക്കോട്:** പിന്നാക്ക മേഖലകളായ തീരദേശ, ആദിവാസി, തോട്ടം തൊഴിലാളി മേഖലകളിലെയും ചേരിപ്രദേശങ്ങളിലേയും വിദ്യാഭ്യാസ നിലവാരവും ജീവിത സാഹചര്യവും വിലയിരുത്തുമ്പോഴാണ് മലയാളിയുടെ കാപട്യം പുറത്തു വരിക. കെട്ടുറപ്പില്ലാത്ത കുടുംബ സാമൂഹിക സാഹചര്യവും മോശമായ തൊഴിൽ സാഹചര്യവും കാലാകാലങ്ങളായി പിന്നാക്കക്കാരെന്ന മുദ്രയും മോശമായ ധാർമിക സദാചാര സാഹചര്യവും ഇത്തരം പ്രദേശങ്ങളുടെ അടിസ്ഥാന ദൗർബല്യങ്ങളാണ്. ഇത്തരം സാഹചര്യങ്ങളിൽ വളരുന്ന വിദ്യാർഥികളുടെ സാമൂഹിക ബോധവും വിദ്യാഭ്യാസ നിലവാരവും വിദ്യാഭ്യാസത്തോടുള്ള താൽപര്യവും നമുക്കൂഹിക്കാൻ സാധിക്കും.

ഇത്തരം ലക്ഷക്കണക്കിനു വിദ്യാർഥികൾ കേരളത്തിലുണ്ട്. സ്വന്തം വീട്ടിൽ നിന്നും രക്ഷിതാക്കളിൽനിന്നും സമൂഹത്തിൽ നിന്നും പഠിക്കാൻ പിന്തുണയും പ്രോത്സാഹനവും ലഭിക്കാത്തവരാണ് ഭൂരിഭാഗം വിദ്യാർഥികളും. നന്നായി പഠിക്കുന്നവർ തന്നെ സ്കൂൾ വിദ്യാഭ്യാസത്തിനപ്പുറമെത്തുന്നത് ചുരുക്കം. ഉന്നത വിദ്യാഭ്യാസം കൂടുതൽ സ്വാശ്രയവൽക്കരിക്കപ്പെടുന്നതോടെ ഇവരുടെ വിദ്യാഭ്യാസ ഭാവിയും ഇരുളടഞ്ഞുകൊണ്ടിരിക്കുന്നു. ആൺകുട്ടികൾ ചെറുപ്പത്തിലേ തൊഴിൽ തേടി പോവേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

ഇത്തരം മേഖലകളിലെ ഒട്ടേറെ വിദ്യാർഥികളെ എസ്.ഐ.ഒവിന്റെ പ്രാഥമിക പഠനത്തിലൂടെ കണ്ടെത്തുകയുണ്ടായി. കിടന്നുറങ്ങാൻ നല്ല വീടില്ലാത്ത രോഗികളായ രക്ഷിതാക്കളുള്ള നിരവധി വിദ്യാർഥികൾ ഒഴിവുദിനത്തിൽ ജോലിക്കുപോയും പട്ടിണികിടന്നുമൊക്കെ ഭാവിക്കുവേണ്ടി പ്രയത്നിക്കുന്നുണ്ട്. ഒരോ പ്രദേശങ്ങളിലും നിരവധി വിദ്യാർഥികൾ കൈത്താങ്ങ് പ്രതീക്ഷിക്കുന്നവരായുണ്ട്.

സർക്കാർ തലത്തിൽ ആദിവാസി, തീരദേശമേഖലകളിൽ നിരവധി വിദ്യാഭ്യാസ സഹായപദ്ധതികൾ നിലവിലുണ്ടെങ്കിലും പദ്ധതിയുടെ ഗുണം അവരിലേക്ക് എത്തുന്നില്ല. ഒരോ വർഷവും കോടിക്കണക്കിനു രൂപ വിദ്യാഭ്യാസ ഗ്രാന്റായി വിതരണം ചെയ്യുന്ന തീരദേശ, ആദിവാസി മേഖലകളിൽ നിരവധി വിദ്യാർഥികൾ ഗ്രാന്റ് വാങ്ങുന്നതിനും ഉച്ചക്കഞ്ഞിക്കും മാത്രമാണ് സ്കൂളിലെത്തുന്നത്. വടക്കൻ കേരളത്തിലെ ഒരു ആദിവാസി മേഖലയെക്കുറിച്ച് പഠിക്കാൻ പോയപ്പോൾ നിരവധി ആദിവാസി വിദ്യാർഥികൾ നട്ടുച്ച നേരത്ത് സമീപത്തെ പുഴയിൽ കഴുത്തറ്റം വെള്ളത്തിൽ കിടക്കുന്നത് കണ്ടു. ഈ നേരത്ത് ഇത്രനേരം വെള്ളത്തിൽ കിടന്നാൽ അസുഖം വരില്ലേ എന്നുചോദിച്ചപ്പോൾ ഭക്ഷണമില്ലാത്തതുകൊണ്ട് വിശപ്പറിയാതെ കഴിയാൻ വേണ്ടിയാണ് ഇങ്ങനെ കിടക്കുന്നതെന്നായിരുന്നു മറുപടി. വർഷങ്ങളായി, ഗ്രാന്റ് വിതരണം ചെയ്തിട്ടും ആദിവാസി തീരദേശ മേഖലകൾ ഏറെ പിന്നാക്കം തന്നെയാണ്. സ്കൂളുകളിലെത്താതെ ആയിരക്കണക്കിന് വിദ്യാർഥികൾ ഈ മേഖലയിലുണ്ട്.

സർക്കാർ സഹായം ലഭ്യമല്ലാത്ത പിന്നാക്ക പ്രദേശമാണ് തോട്ടം തൊഴിലാളി മേഖലകൾ. മോശമായ കുടുംബ പശ്ചാത്തലം, കുറഞ്ഞകൂലി, സാമൂഹിക പ്രശ്നങ്ങൾ തുടങ്ങിയവ മൂലം ഇവിടത്തെ വിദ്യാഭ്യാസ നില വളരെ പിന്നാക്കമാണ്. ഇവർക്ക് പ്രത്യേകമായി സർക്കാറിന്റെ യാതൊരു സഹായവും ലഭിക്കുന്നില്ല. ചില സന്നദ്ധ സംഘടനകളുടെയും മിഷണറി സംഘങ്ങളുടെയും വിദ്യാഭ്യാസ സഹായങ്ങൾ മാത്രമാണുള്ളത്. ആയിരക്കണക്കിന് വിദ്യാർഥികൾ സാമ്പത്തിക പ്രയാസം കാരണം ഇത്തരം മേഖലകളിൽ ഉന്നതവിദ്യാഭ്യാസം ലഭിക്കാതെ പിന്തള്ളപ്പെട്ടുപോകുന്നു. തീരദേശ പിന്നാക്ക മേഖലകളിൽ ജോലിചെയ്യുന്ന അധ്യാപകരിൽ പലരും സ്ഥിരമായി ലീവെടുക്കുകയാണ്. അവിടെ നല്ല ക്ലാസ് റൂമുകളോ ഫർണിച്ചറുകളോ ഇല്ല. ബദൽ സ്കൂളുകളെന്ന

പേരിൽ ആദിവാസി-തീരദേശമേഖലകളിലെ ഏകാംഗവിദ്യാലയങ്ങളിലാണ് നിരവധി വിദ്യാർഥികൾ പഠിച്ചുകൊണ്ടിരിക്കുന്നത്.

ഇത്തരമൊരു സാഹചര്യം മനസ്സിലാക്കിയാണ് എസ്.ഐ.ഒ കേരളത്തിലെ പിന്നാക്ക മേഖലകളിലെയും ജനകീയ സമര ഭൂമികളിലെയും പഠന നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. സർക്കാറും പൊതുസമൂഹവും ഗൗരവമായി ശ്രദ്ധപതിപ്പിക്കേണ്ട ഇത്തരം വിഷയങ്ങൾ സമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരിക എന്നതുകൂടി ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പൊതുസമൂഹത്തിന്റെ സാമൂഹിക ഉത്തരവാദിത്വനിർവഹണത്തിന് വഴി കാട്ടിയാവാനും ഇത്തരം പരിപാടികൾക്ക് സാധിക്കും.

കേരളത്തിലെ ജനകീയ സമര ഭൂമികളിലെയും തെരഞ്ഞെടുത്ത പിന്നാക്ക മേഖലകളിലെയും വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്താണ് പദ്ധതിക്ക് തുടക്കംകുറിച്ചിരിക്കുന്നത്. രണ്ടുവർഷത്തിലേറെയായി ഭൂമിക്ക് വേണ്ടി പൊരുതിക്കൊണ്ടിരിക്കുന്ന ചെങ്ങറയായിരുന്നു പദ്ധതിക്ക് വേണ്ടി തിരഞ്ഞെടുത്ത ആദ്യത്തെ പ്രദേശം. സമരഭൂമിയിൽ എത്തുന്നതിന് മുമ്പ് നാട്ടിൽ നല്ല രീതിയിൽ വിദ്യാലയങ്ങളിൽ പോയിരുന്ന നൂറുക്കണക്കിനു വിദ്യാർഥികളുടെ ഭാവി ആശങ്കയുണർത്തുന്നതാണ്. ഉപരോധം കാരണം കഴിഞ്ഞവർഷം മൂന്ന് മാസത്തിലധികം സ്കൂളിൽ പോകാൻ പോലും കുട്ടികൾക്ക് സാധിച്ചിരുന്നില്ല. നല്ല വസ്ത്രങ്ങളോ പഠനോപകരണങ്ങളോ ഇല്ലാത്തതിനാൽ പലകുട്ടികൾക്കും സ്കൂളിൽ പോകാൻ തന്നെ മടിയായിരുന്നു. പ്ലസ്ടുവും ഡിഗ്രിയുമൊക്കെ പാതി വഴിയിൽ നിർത്തിയവരും നിരവധി. ഈ സാഹചര്യത്തിൽ എസ്.ഐ.ഒവിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആവേശത്തോടെയാണ് സമരക്കാർ ഏറ്റെടുത്തത്. മൂവായിരത്തിലധികം പേർ പങ്കെടുത്ത ചെങ്ങറ സമരഭൂമിയിലെ വിദ്യാഭ്യാസ അവകാശസംരക്ഷണ സമ്മേളനത്തിനും പഠനോപകരണ വിതരണത്തിനുമെത്തിയ എസ്.ഐ.ഒ നേതാക്കളെ സമരഭൂമിയിലെ വിദ്യാർഥികൾ മാലയണിയിച്ച് സ്വീകരിച്ചു. സമരഭൂമിയിലെ 275 വിദ്യാർഥികൾക്ക് പഠനകിറ്റ് വിതരണം ചെയ്തു. ആറു വർഷത്തിലേറെയായി കുടിവെള്ളത്തിനു വേണ്ടി പോരാടുന്ന പ്ലാച്ചിമടയിലെ സ്ഥിതിയും വ്യത്യസ്തമല്ല. സർക്കാർ വക വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായിരുന്നുവെന്നതിനു പുറമെ സമരം മൂലം ശ്രദ്ധിക്കപ്പെടാതെ പോയ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം ആശങ്കയുണർത്തുന്നതായിരുന്നു. സമരമുഖത്തുള്ള 200ലധികം കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് പഠനകിറ്റ് വിതരണം ചെയ്തു. കൊല്ലം ജില്ലയിലെ സമരഭൂമികളായ വെളിച്ചിക്കാലയിലെയും കുളത്തൂപുഴ മുക്കാൽ സെന്റ് കോളനിയിലെയും 125 വിദ്യാർഥികൾക്കും പഠനോപകരണങ്ങൾ നൽകി.

തീരദേശവാസികൾക്കും എസ്.ഐ.ഒവിന്റെ സഹായം എത്തി. കോഴിക്കോട് ബംഗ്ലാദേശ്കോളനി, കാസർഗോഡ് മഞ്ചേശ്വരം കടപ്പുറം, തിരുവനന്തപുരം പെരുമാതുറ എന്നീ പ്രദേശങ്ങളിലാണ് ആദ്യ ഘട്ടത്തിൽ 650 വിദ്യാർഥികൾക്ക് പഠന കിറ്റ് വിതരണം ചെയ്തത്. തോട്ടം തൊഴിലാളി മേഖലകളായ മൂലേപ്പാടം, മാനന്തവാടി, അട്ടപ്പാടി തുടങ്ങിയ സ്ഥലങ്ങളിലും ആദ്യഘട്ടത്തിൽ 250 വിദ്യാർഥികൾക്ക് പഠനകിറ്റ് വിതരണം ചെയ്തു. അന്ധരായ രക്ഷിതാക്കളുടെ മക്കളുടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ്സ് മലപ്പുറം ജില്ലാകമ്മിറ്റിയുടെ സഹകരണത്തോടെ മലപ്പുറം ജില്ലയിലെ അന്ധരായ രക്ഷിതാക്കളുടെ 125 മക്കൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു. പുറമെ കേരളത്തിലെ 250ഓളം എസ്.ഐ.ഒ ഘടകങ്ങൾ ജമാഅത്തെ ഇസ്‌ലാമി-സോളിഡാരിറ്റി സഹകരണത്തോടെ ആയിരക്കണക്കിന് വിദ്യാർഥികൾക്ക് പഠനകിറ്റുകൾ വിതരണം ചെയ്തു.

കേരളത്തിലെ വിദ്യാർഥി രാഷ്ട്രീയത്തിൽ പുതിയൊരു പ്രവർത്തന സംസ്കാരത്തിനാണ് ഇതിലൂടെ എസ്.ഐ.ഒ തുടക്കം കുറിച്ചിരിക്കുന്നത്. സമരം നടത്തി പൊതുമുതൽ നശിപ്പിച്ച് കാലം പോക്കുന്ന വിദ്യാർഥി രാഷ്ട്രീയത്തിന് ഒരു തിരുത്താണ് ഇത്തരം പ്രവർത്തനങ്ങൾ. പൊതുജനങ്ങളിൽ നിന്നുള്ള അകമഴിഞ്ഞ സമ്പത്തിക സഹായവും പിന്തുണയും ഇത്തരം പദ്ധതികൾക്ക് കൂടുതൽ പ്രതീക്ഷ നൽകുന്നു.

പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ തെരഞ്ഞെടുത്ത 150 പിന്നാക്ക പ്രദേശങ്ങളിൽ വിദ്യാഭ്യാസ സർവേ, വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ, കൗൺസിലിംഗ്, ടാലന്റ് സ്കാൻ പ്രോഗ്രാം, അവകാശസമരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കും. സർവേയുടെ അടിസ്ഥാനത്തിൽ അടിയന്തരമായി ഇടപെടേണ്ട വിഷയങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തും. ആദ്യഘട്ടത്തിൽ പതിനൊന്ന് കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ അവകാശ സമ്മേളനങ്ങളിലും പഠനോപകരണ വിതരണത്തിലും ഒ. അബ്ദുറഹ്മാൻ, പി.കെഅബ്ദുറബ്ബ്, കല്ലേൽ പൊക്കുടൻ, ളാഹ ഗോപാലൻ, കെ. കൃഷ്ണൻ കുട്ടി, ഫാദർ എബ്രഹാം ജോൺ, ചേലക്കോടൻ ആയിശ, വിളയോടി വേണുഗോപാൽ, ടി.കെ ഫാറൂഖ്, ഓടനാവെട്ടം വിജയപ്രകാശ്, എൻ. രവീന്ദ്രൻ, എം സാജിദ്, പി.എ നാസിമുദ്ദീൻ, പി.എം സ്വാലിഹ്, എസ്. ഖമറുദ്ദീൻ, എസ്. ഇർഷാദ്, ഇന്ത്യനൂർ ഗോപി തുടങ്ങിയവർ പങ്കെടുത്തു.

**(ലേഖകൻ എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറിയാണ്)**